**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1303** **15-10-2026-ൽ മറുപടിയ്ക്ക്**

**തിരുവല്ല- മല്ലപ്പള്ളി- ചേലക്കൊമ്പ് റോഡിനുള്ള സ്ഥലമേറ്റെടുക്കൽ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വർഗീസ് മാമ്മൻ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** തിരുവല്ല-മല്ലപ്പള്ളി -ചേലക്കൊമ്പ് റോഡിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കുമോ;

**മറുപടി:** തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് കടന്നു പോകുന്ന പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്കിലെ തിരുവല്ല, കുറ്റപ്പുഴ വില്ലേജുകളിലെയും മല്ലപ്പള്ളി താലൂക്കിലെ മല്ലപ്പള്ളി, ആനിക്കാട്, കുന്നന്താനം, കല്ലൂപ്പാറ എന്നീ വില്ലേജുകളിലെയും കോട്ടയം ജില്ലയിലെ പായിപ്പാട്, നെടുങ്കുന്നം എന്നീ വില്ലേജുകളിലെയും ബിവിആർ അംഗീകാരത്തിനായി തയ്യാറാക്കി വരുന്നു. പദ്ധതി കടന്നുപോകുന്ന സ്ഥലങ്ങളുടെ കൈവശം സംബന്ധിച്ച് മഹസ്സർ തയ്യാറാക്കി വാല്യുവേഷൻ തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**(ബി)** പ്രസ്തുത സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് വസ്തു ഉടമസ്ഥർ ഏതെങ്കിലും കേസുകൾ നല്കിയിട്ടുണ്ടോ, കേസ് നല്കിയ വസ്തു ഉടമസ്ഥരുടെ പേര് വിവരം സഹിതമുള്ള വിശദാംശം അറിയിക്കുമോ;

**മറുപടി:** ഉണ്ട്. വിവരങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു.

**(സി)** സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് ഏതൊക്കെ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; 19(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള തടസങ്ങളെന്തൊക്കെയെന്ന് അറിയിക്കുമോ; ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദാംശം അറിയിക്കുമോ;

**മറുപടി:** തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് 4(1) വിജ്ഞാപനം, 11(1) വിജ്ഞാപനം എന്നിവ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പദ്ധതിയുടെ സർവ്വെ നടപടികൾ എല്ലാം പൂർത്തിയാക്കിയിട്ടുള്ളതാണ്. ബി.വി.ആർ., ഡി.വി.എസ്. എന്നിവ തയ്യാറാക്കുന്ന നടപടികൾ പൂർത്തീകരിച്ചിട്ടില്ല. 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള കാലാവധി 02-05-2026 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കലിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ലാൻഡ് അക്വിസിഷൻ ഓഫീസർ - സ്പെഷ്യൽ തഹസിൽദാർ എൽ.എ. (കിഫ്ബി) തിരുവല്ല, ഡെപ്യൂട്ടി കളക്ടർ (എൽ. എ.) എന്നിവരാണ്.

**(ഡി)** പദ്ധതി പ്രഖ്യാപിച്ച് 10 വർഷമാകാറായിട്ടും പൂർത്തിയാക്കാൻ സാധിക്കാത്തതിന് സ്ഥലമേറ്റെടുക്കൽ നടപടികൾ ഒരു തടസമായി നില്ക്കുന്ന ഗൗരവ സാഹചര്യം കണക്കിലെടുത്ത് ആയതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ക്രമ നം. | പേര് | കേസ് നം. | കോടതി |
|---|---|---|---|
| 1 | ചെറിയാൻ ഏബ്രഹാം, പുല്ലാട്ട് തലച്ചിറക്കൽ വീട്, തിരുവല്ല | OS 419/2019 | ബഹു.തിരുവല്ല മുൻസിഫ് കോടതി |
| 2 | റ്റിജി രാധാകൃഷ്ണൻ, തെക്കേത്ത് ആർകെ ഹൗസ് ഇരവിപേരൂർ, തിരുവല്ല | WP(C) 22784/2019 | ബഹു.ഹൈക്കോടതി |
| 3 | വർഗ്ഗീസ് കോയിത്തോട്ട് എബ്രഹാം കോയിത്തോട്ട് ശാലേം ഹൗസ് കല്ലൂപ്പാറ | WP(C) 24272/2019 | ബഹു.ഹൈക്കോടതി |
| 4 | റ്റി.പി. ജോർജ്ജ് & അദേഴ്സ് ആറ്റ്പുറത്ത് വലിയ വീട്ടിൽ, നിയർ എസ് ഡി എ സ്കൂൾ, കുറ്റപ്പുഴ | WP(C) 29940/2019 | ബഹു.ഹൈക്കോടതി |
| 5 | ഷാജി എൻ. കുരുവിള, അമ്പ്രയിൽ ഹൗസ് തിരുവല്ല | WP(C) 20971/2021 | ബഹു.ഹൈക്കോടതി |
| 6 | ഫിലിപ്പ് കെ. ഏബ്രഹാം കുഴിമണ്ണിൽ, ആനിക്കാട്, മല്ലപ്പള്ളി | OS 374/22 | ബഹു.തിരുവല്ല മുൻസിഫ് കോടതി |
| 7 | റാണിയമ്മ ജേക്കബ്, കുര്യാശ്ശേരിൽ തിരുവല്ല പിഒ | WP(C)20934/2021 | ബഹു.ഹൈക്കോടതി |
| 8 | ജിജി ആന്റണി, നെല്ലൂക്കാരൻ ഹൗസ്, രാമൻചിറ, തിരുവല്ല | WP(C)20948/2021 | ബഹു.ഹൈക്കോടതി |
| 9 | ജിജി ജോർജ്ജ്, ജിജി ആന്റണി നെല്ലിക്കാരം വീട്, രാമൻ ചിറ, തിരുവല്ല | WP(C) 16458/24 | ബഹു.ഹൈക്കോടതി |
| 10 | ഷാജി എൻ. കുരുവിള, അമ്പ്രയിൽ ഹൗസ് തിരുവല്ല | WP(C) 5496/24 | ബഹു.ഹൈക്കോടതി |
| 11 | റാണിയമ്മ ജേക്കബ്, കര്യാലശ്ശേരിൽ, തിരുവല്ല | WP(C) 16482/24 | ബഹു.ഹൈക്കോടതി |
| 12 | ഫിലിപ്പ് കെ എബ്രഹാം, കഴിമണ്ണിൽ, ആനിക്കാട്, മല്ലപ്പള്ളി | WP(C) 25894/2025 | ബഹു.ഹൈക്കോടതി |
| 13 | ഫിലിപ്പ് കെ എബ്രഹാം, കഴിമണ്ണിൽ, ആനിക്കാട്, മല്ലപ്പള്ളി | WP(C) 909/2026 | ബഹു.ഹൈക്കോടതി |